ഉത്തരം

(എ-ഡി) വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ല.

വിദ്യാഭ്യാസ ലോൺ അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ നടപടി

75 (137) ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ലോൺ അനുവദിക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കളോട് അനാവശ്യമായ തടസ്സവാദം ഉന്നയിക്കുകയും ലോൺ കൊടുക്കാതിരിക്കുകയും ചെയ്യുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലോൺ നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പരാതികൾ, സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന ബാങ്കുകളുടെ മേലധികാരിയുടെ ഓഫീസുമായി ബന്ധപ്പെട്ട്, ധൃതഗതിയിൽ പരിഹാരം കാണാറുണ്ട്. കൂടാതെ, വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് ഈ രംഗത്ത് നിലനിൽക്കുന്ന പരാതികൾക്ക് തീർപ്പുകൽപ്പിക്കാറുണ്ട്.

സി-ഡിറ്റിൽ ഉത്തരവിന് വിരുദ്ധമായി നടപ്പിലാക്കിയ തസ്തികാ പുനർനാമകരണം

76 (139) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ ജി.ഒ.(എംഎസ്.) നമ്പർ 6/2010/ഐ&പി.ആർ.ഡി. തീയതി 8-9-2010 ഉത്തരവിനു വിരുദ്ധമായി പത്തൊൻപതു ജീവനക്കാർക്ക് നൽകിയ തസ്തികാ പുനർനാമകരണം റദ്ദാക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(ബി) 2000 മുതൽ പ്രസ്തുത ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതുവരെയുള്ള എല്ലാ റീ ഡെസിഗ്നേഷനുകളും, പ്രമോഷനുകളും റദ്ദാക്കാൻ ഉള്ള നടപടി സ്വീകരിക്കുന്നതിനു പകരം അതിന് കടകവിരുദ്ധമായി പ്രവർത്തിച്ച സി-ഡിറ്റിലെ അധികൃതർ ആരെല്ലാമാണ് ;

(സി) പ്രസ്തുത അധികൃതരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly